**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1896** **15-03-2022 - ൽ മറുപടിയ്ക്ക്**

**കായിക താരങ്ങൾക്ക് ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 ജൂൺ മുതൽ നാളിതുവരെ എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ ജോലി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; അർഹതപ്പെട്ട എത്ര കായിക താരങ്ങളുടെ അപേക്ഷകളാണ് നിലവിൽ തീരുമാനം എടുക്കുവാൻ ഉള്ളത് എന്ന് വിവരം ലഭ്യമാക്കുമോ; | (എ) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ.ഷൈഭൻ.ഇ.ബിക്ക് 2007ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച്ച വച്ച് രാജ്യത്തിന് വേണ്ടി നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായികയുവജന കാര്യാലയത്തിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക |

| | | | |
|---|---|---|---|
| | | | സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ ആകെയുള്ള 249 ഒഴിവുകളിൽ 195 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 2010 മുതൽ 2014വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റിൽ നിന്നും കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 2015 മുതൽ 2019 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കും കായിക താരങ്ങളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത വർഷങ്ങളിലെ ഒഴിവിലേയ്ക്ക് നിയമനത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചു വരികയാണ്. |
| (ബി) | സംസ്ഥാനത്തിനുവേണ്ടി മികച്ച നേട്ടങ്ങൾ കൈവരിച്ച കായിക താരങ്ങൾ അർഹതപ്പെട്ട ജോലിക്ക് വേണ്ടി സമരം ചെയ്യേണ്ടി വരുന്ന ദുരവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ.ഷൈബൻ.ഇ.ബിക്ക് 2007ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച്ച വച്ച് രാജ്യത്തിന് വേണ്ടി നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല |

| | | | |
|---|---|---|---|
| | | | മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായികയുവജന കാര്യാലയത്തിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ ആകെയുള്ള 249 ഒഴിവുകളിൽ 195 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 2010 മുതൽ 2014വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റിൽ നിന്നും കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 2015 മുതൽ 2019 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കും കായിക താരങ്ങളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത വർഷങ്ങളിലെ ഒഴിവിലേയ്ക്ക് നിയമനത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ